1982-83 മുതലുള്ള നെല്ലുൽപ്പാദനം

998. [1455] ശ്രീ.വി.ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1982-83, 1983-84, 1984-85, 1985-86 എന്നീ വർഷത്തിലും സംസ്ഥാനത്തെ നെല്ലുൽപ്പാദനം എത്രവീതമായിരുന്നുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

വർഷം	ഉൽപ്പാദനം (ലക്ഷം ടണ്ണിൽ)
1982-83	19.881
1983-84	18.385
1984-85	18.749
1985-86	18.772

പാലക്കാട് ജില്ലയിലെ കൃഷിനാശം

999. [1456] ശ്രീ.സി.ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984-85-ൽ പാലക്കാട് ജില്ലയിൽ വരൾച്ചമൂലം കൃഷി നശിച്ച എത്ര കർഷകർക്ക് സാമ്പത്തികസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) 1984-85-ലും, 1985-86-ലും പാലക്കാട് ജില്ലയിൽ എത്ര ഏക്കർ നെൽകൃഷി നശിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2080 കർഷകർക്ക്

(ബി) 1984-85-ൽ 500 ഹെക്ടർ പ്രദേശത്തെയും 1985-86-ൽ 14010 ഹെക്ടർ പ്രദേശത്തെയും നെൽകൃഷി പ്രകൃതിക്ഷോഭംമൂലം നശിച്ചുപോയിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്.

1985-86-ൽ വെള്ളപ്പൊക്ക ദുരിതാശ്വാസനിധിയിൽ നിന്നും കൃഷിവകുപ്പിന് ലഭിച്ച തുക

1000. [1457] ശ്രീ.വി.ജെ.തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86 വർഷത്തിൽ കൃഷി വകുപ്പിന് വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽനിന്നും ലഭിച്ച തുക എത്ര ;

(ബി) പ്രസ്തുത തുകയിൽനിന്നും സംസ്ഥാനത്തെ കൃഷിക്കാർക്ക് നഷ്ടപരിഹാരമായി നൽകിയ തുക എത്ര ;

(സി) സ്ഥിരം ആസ്തി എന്ന നിലയിൽ കെട്ടിട നിർമ്മാണത്തിനും മറ്റുമായി പ്രസ്തുത തുകയിൽനിന്നും ചെലവഴിച്ച രൂപ എത്രയെന്നു വെളിപ്പെടുത്താമോ ?

ഉത്തരം

(എ) പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽനിന്നും 50 ലക്ഷം രൂപയും, വെള്ളപ്പൊക്ക ദുരിതാശ്വാസമിനത്തിൽ 599 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 649 ലക്ഷം രൂപ കൃഷി വകുപ്പിന് ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽനിന്നും 45.04 ലക്ഷം രൂപയും വെള്ളപ്പൊക്ക ദുരിതാശ്വാസമായി 597 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 642 04 ലക്ഷം രൂപ നഷ്ട പരിഹാരമായി നൽകിയിട്ടുണ്ട്.

(സി) സ്ഥിരം ആസ്തികയം നിർമ്മിക്കുന്നതിന് ഈ തുകകയം ഒന്നും ഉപയോഗിച്ചില്ല.

1985-86-ൽ അടയ്ക്കായുടെ വിലയിടിവുമൂലമുണ്ടായ നഷ്ടം

1001. [1458] ശ്രീ. എം. വി. രാഘവൻ :
,, സി./വാസുദേവ മേനോൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിലെ കർഷകർക്ക് അടയ്ക്കായുടെ വിലയിടിവിന്റെ ഫലമായി മൊത്തം എന്തു തുക 1985-86 വർഷത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

സർക്കാർ തലത്തിൽ കണക്കാക്കപ്പെട്ടിട്ടില്ല.

അഗളി കൃഷി വികസന ആഫീസിലെ പാർട്ടൈം സ്വീപ്പർ തസ്തികയിലെ നിയമനം

1002. [1459] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗളി കൃഷി വികസന ഓഫീസിലെ പാർട്ടൈം സ്വീപ്പർ തസ്തികയിലേക്ക് നടത്തിയ നിയമനത്തിലെ ക്രമക്കേടുകളെപ്പറ്റി എന്തെങ്കിലും പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പരാതി ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഗവൺമെന്റ് തീരുമാനം എന്താണ് ;

(ഡി) ഇതിൽ കുറ്റക്കാരായ ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രീ. എ. കണ്ണൻ എന്ന ആളിന്റെ പരാതി ഗവൺമെന്റിൽ ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി യും ഡി യും) പരാതിക്കാരനായ മുൻപറഞ്ഞ ശ്രീ. കണ്ണന് അഗളി കൃഷിവികസന ആഫീസിൽ പാർട്ടൈം സ്വീപ്പറായി നിയമനം നൽകിയിട്ടുള്ളതിനാലും വിവാദപരമായ ഇൻറർവ്യൂ നടത്തിയ പാലക്കാട് കൃഷി ജോയിന്റ് ഡയറക്ടർ പെൻഷൻ ആയതിനാലും മേൽനടപടി സ്വീകരിക്കേണ്ട ആവശ്യമില്ലാ എന്ന് തീരുമാനിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly